# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3291** | **08.11.2019 ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിൽ കൃഷിവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ഈ സർക്കാർ കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, അതിനായി വകയിരുത്തിയ തുക എത്രയാണെന്നും അറിയിക്കാമോ; | എ) & ബി) | പാറശ്ശാല നിയോജക മണ്ഡലത്തിൽ 2016-17 മുതൽ 2019-20 വരെനടപ്പിലാക്കിയതും, നടപ്പിലാക്കിവരുന്നതുമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.<br>2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ എല്ലാ പദ്ധതികളും പൂർത്തീകരിച്ചു 2019-20- ലെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ബി) | പ്രസ്തുത പദ്ധതികൾ ഓരോന്നും ഏതു ഘട്ടത്തിലാണെന്നുള്ളതിന്റെ വിശദാംശം ലഭ്യമാക്കാമോ; | | |
| സി) | പുനർജ്ജനി പദ്ധതിയിലൂടെ പെരുങ്കടവിള ഗ്രാമപഞ്ചായത്തിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | സി) | സംസ്ഥാനത്താകെ ഉണ്ടായ പ്രളയത്തെ തുടർന്ന് കൃഷിയിടങ്ങളിൽ മണ്ണിലും വിളകളിലും ഉണ്ടായിട്ടുള്ള മാറ്റങ്ങൾ വിലയിരുത്തി കർഷകരെ ബോദ്ധ്യപ്പെടുത്തുകയും പ്രളയം ബാധിച്ച കൃഷിയിടങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ കർഷകരെ പരിശീലിപ്പിക്കുകയും, അതുവഴി പ്രളയം കാരണം കാർഷിക മേഖലയിലുണ്ടായിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്യുന്നതിനായി വിഭാവനം ചെയ്ത് നടപ്പിലാക്കിയ പദ്ധതിയാണ് പുനർജനി.<br>പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിലൂടെ പെരുങ്കടവിളയിലും സമീപ പ്രദേശങ്ങളിലും പ്രളയം കാരണം കാർഷിക മേഖലയിലുണ്ടായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും, കർഷകരെ ബോധവൽക്കരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം.

| ക്രമ നം. | പദ്ധതികൾ | 2016-17 (തുക ലക്ഷത്തിൽ) | 2017-18 (തുക ലക്ഷത്തിൽ) | 2018-19 (തുക ലക്ഷത്തിൽ) | 2019-20(തുക ലക്ഷത്തിൽ) |
|---|---|---|---|---|---|
| 1 | നെൽകൃഷി വികസന പദ്ധതികൾ | 2.86494 | 5.62823 | 9.13195 | 7.03717 |
| 2 | കേരസമൃദ്ധി | 4.52276 | 0.41645 | 0.186 | 0.28 |
| 3 | ക്വാളിറ്റി കൺട്രോൾ | 0.08 | - | 0.20615 | 0.286 |
| 4 | കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ | 6.91024 | 18.05725 | 10.2672 | 12.0675 |
| 5 | പച്ചക്കറി കൃഷി വികസനം | 23.6076 | 31.1456 | 51.81651 | 36.16 |
| 6 | വിള ആരോഗ്യ പരിപാലനം | 5.919 | 3.684 | 9.07633 | 4.305 |
| 7 | അഗ്രോ സർവ്വീസ് & സർവ്വീസ് ഡെലിവറി | 1.12257 | 13.09684 | 5.6349 | 4.2485 |
| 8 | മണ്ണ്, വേര് ആരോഗ്യപരിപാലനം | 1.79976 | 1.615 | 0.415 | 1.415 |
| 9 | കേരഗ്രാമം | 12.914584 | - | - | - |
| 10 | ജൈവകൃഷി | 0.57007 | 2.99241 | 3.85907 | 1.58 |
| 11 | മണ്ണ്-എൻ.എം.എസ്.എ (സോയിൽ ഹെൽത്ത് കാർഡ്) | 0.12507 | - | - | - |
| 12 | പി.കെ.വി.വൈ (പരമ്പരാഗത കൃഷി) | 5.48338 | - | 2.48537 | - |
| 13 | ഓണസമൃദ്ധി-ഓണച്ചന്ത, വിഷുക്കണി | 3.0 | 5.0 | 3.6 | 6.5 |
| 14 | ബയോഗ്യാസ് പദ്ധതി | 1.844 | 0.66 | 4.35 | 0.72 |
| 15 | കർഷകർക്ക് സൗജന്യ വൈദ്യുതി | 1.63664 | 1.25250 | 1.38953 | 1.12184 |
| 16 | നാളികേര വികസന ബോർഡ് പദ്ധതികൾ | 2.042 | - | 0.8745 | 0.895 |
| 17 | സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികൾ | 18.7315 | 15.56208 | 26.185 | 1.89450 |
| 18 | കർഷകപെൻഷൻ | 47.824 | 95.078 | 105.449 | 46.708 |
| 19 | വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം | | | | |
| | എ.സംസ്ഥാനവിഹിതം | 18.41367 | - | 332.92235 | 8.24262 |
| | ബി.കേന്ദ്രവിഹിതം | 6.43966 | 5.34715 | 11.74747 | |
| 20 | സുഗന്ധവിള വ്യാപനം | 0.2 | 5.825 | 1.325 | - |
| 21 | ആത്മ പദ്ധതി | 0.09 | 4.08828 | 4.4251 | 0.13 |
| 22 | തെങ്ങ് കൃഷി വ്യാപനം | 0.77160 | 2.5162 | 3.3864 | - |
| 23 | മാർക്കറ്റ് വികസനം - ആഴ്ചചന്ത | - | 5.0 | - | - |
| 24 | SMAM | - | 0.49985 | 10.81372 | - |
| 25 | വിള ഇൻഷ്വറൻസ് | - | - | 40.13 | 35.482 |

Maya P
സെക്ഷൻ ഓഫീസർ